# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.451 03.03.2020-ൽ മറുപടിയ്ക്ക്

**ഇതര സംസ്ഥാന ലോട്ടറികളുടെ കടന്ന് വരവ്**

| ചോദ്യം<br>ശ്രീ.പി.കെ. ശശി | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| നമ്മുടെ സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വീണ്ടും വിപണനം ആരംഭിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഇതര സംസ്ഥാന ലോട്ടറികളുടെ കടന്ന് വരവിനെ തടയുവാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ച് വരുന്നത് എന്ന് അറിയിക്കാമോ? | കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി റൂൾ 2018 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചരക്ക സേവന നികുതി ചട്ടം 56 (19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. 1) വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം ലോട്ടറി (റെഗുലേഷൻ) നിയമം 2010 ലെ നിയമം 3(3) & (4) പ്രകാരം അറിയിക്കേണ്ടതാണ്.<br>2) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ |

വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.

3) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെ നിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ് .

4) വിൽപനക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽ നിന്നും ലഭിച്ച തുക ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

മേല്പറഞ്ഞ നിർദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേക്കായി ആവശ്യപ്പെട്ട പ്പോഴും, അവയിൽ വില്പന നടത്താതെ അവശേഷി

| | |
|---|---|
| | ക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.<br><br>നമ്മുടെ സംസ്ഥാനത്ത് ഇതര സംസ്ഥാന ലോട്ടറികൾ വീണ്ടും വിപണനം ആരംഭിക്കുന്ന സാഹചര്യം നിലവിലില്ല. എന്നാൽ GST ഏകീകരണം നടപ്പിലായതിനു ശേഷം നാഗാലാന്റ് ലോട്ടറി കേരളത്തിൽ വില്പന നടത്തുന്നതിലേയ്ക്കായി നോട്ടിഫിക്കേഷൻ സഹിതം പ്രൊപ്പോസൽ നൽകിയിരുന്നു. കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) റൂൾ ഭേദഗതി 2018 പ്രകാരം കേരളത്തിൽ ലോട്ടറി വില്പന കേരള സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയ്ക്ക് വിധേയമായി മാത്രമെ നടത്താനാകൂ എന്ന് നാഗാലാന്റിനെ അറിയിച്ചതിനെത്തുടർന്ന് നാഗാലാന്റ് ലോട്ടറി വില്പനയ്ക്കായി നിയോഗിച്ചിരുന്ന M/s Future Gaming Solutions and Hotel Services Pvt. Ltd എന്ന സ്ഥാപനം ബഹു.ഹൈക്കോടതിയിൽ ടി റൂളുകളുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്തു WP(C)34025/2019 ഫയൽ ചെയ്തിട്ടുണ്ട്. സീനിയർ അഭിഭാഷകനെ നിയോഗിച്ച് സർക്കാർ ശക്തമായി കേസ് നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ